(ഡി) ട്രേഡ് യൂണിയൻ നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മിനിമം പെൻഷൻ 300 രൂപ എന്ന സർക്കാർ പ്രഖ്യാപനം 9 വർഷത്തിന് മുകളിൽ പണം അടച്ച് പെൻഷനായ എല്ലാ തയ്യൽക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ ; തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5,57,404 അംഗങ്ങൾ ഉണ്ട്. (31-1-2011-വരെയുള്ള കണക്ക് പ്രകാരം)

(ബി) 79. അവയുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് വിശദാംശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(ഇ) മിനിമം പെൻഷൻ 300 രൂപ എന്ന സർക്കാർ പ്രഖ്യാപനം 9 വർഷത്തിന് മുകളിൽ 15 വർഷം വരെ പണമടച്ച് പെൻഷനാവുന്ന എല്ലാ തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. തയ്യൽ തൊഴിലാളികളും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരും ഒരു വർഷം അടയ്ക്കുന്ന മൊത്തം അംശദായത്തിന്റെ പത്തു ശതമാനത്തിനും തുല്യമായ തുകയാണ് ക്ഷേമനിധിയിലേക്ക് ഗ്രാന്റായി സർക്കാർ നൽകേണ്ടത്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

57(2309) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും ജനക്ഷേമകരവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നിയമന ശിപാർശയുടെ കാര്യത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ധാരാളമായുണ്ടാകുന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രജിസ്റ്റർ ചെയ്ത് ഇരുപതും ഇരുപത്തഞ്ചും വർഷം കഴിഞ്ഞിട്ടും ഒരു അഡ്വൈസ് പോലും ലഭിക്കാത്തവരുള്ളപ്പോൾ, ഒന്നും രണ്ടും വർഷം സീനിയോറിറ്റി ഉള്ളവർ പാർട്ട് ടൈം നിയമനത്തിന് ശിപാർശ ചെയ്യപ്പെട്ട് നിയമനം തരപ്പെടുത്തിയ സംഭവങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം പരിശോധിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെയും പൊതു സീനിയോറിറ്റി ലിസ്റ്റും സംവരണാർഹരുടെ ലിസ്റ്റും നിയമന ശിപാർശ നല്കിയതു സംബന്ധിച്ച വിവരങ്ങളുമുൾപ്പെടുത്തിയ ലിസ്റ്റുകൾ ഓരോ വർഷവും പ്രസിദ്ധപ്പെടുത്താനും ഒരു പേജിന് രണ്ടു രൂപാ നിരക്കിൽ ഈടാക്കി ആവശ്യക്കാർക്ക് ലിസ്റ്റ് ലഭ്യമാക്കുന്നതിനും വേണ്ട നിർദ്ദേശം നല്കുമോ ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ പിൻവാതിൽ നിയമനങ്ങൾ നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നൽകുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിലെ പൗരാവകാശരേഖ പരിഗണനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 5 കൊല്ലത്തിനിടയിൽ ടി പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തി 4 ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വളരെ അപൂർവ്വമായ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്ത ഒഴിവുകളുടെ കാര്യത്തിൽ സീനിയോറിറ്റി കുറഞ്ഞവരെ പരിഗണിക്കേണ്ടി വരുന്നുണ്ട്.

(ഡി) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും മൂന്ന് വർഷത്തിലൊരിക്കൽ തയ്യാറാക്കുന്ന പൊതു സീനിയോറിറ്റി ലിസ്റ്റിൽ സംവരണാർഹരുടെ വിവരവും നിയമന ശിപാർശ സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയാണ് പ്രസിദ്ധീകരിക്കുന്നത്. G.O.(Rt) No.489/02/തൊഴിൽ dt 2-2-2002 പ്രകാരം രൂപീകരിക്കുന്ന കമ്മിറ്റി പരിശോധിച്ച് താൽക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഉദ്യോഗാർത്ഥികൾക്ക് അതു പരിശോധിക്കുവാൻ അവസരം നൽകാറുമുണ്ട്. പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം ആയതു പരിശോധിച്ച് നടപടിയെടുത്ത് ഒരു മാസത്തിനുശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. ടി ലിസ്റ്റ് ആവശ്യക്കാർക്ക് ആഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതാണ്. വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചാൽ പേജ് ഒന്നിന് 2 രൂപാ നിരക്കിൽ ഫീസ് അടച്ച് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാവുന്നതാണ്.

(ഇ) ഉണ്ട്. അപ്രകാരമുള്ള നിയമനങ്ങൾ റദ്ദ് ചെയ്യുവാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി നിയമനം നടത്തുവാനും നിർദ്ദേശം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly